(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ശിക്ഷാ നടപടിക്ക് വിധേയമായി ഒരാളെ പിരിച്ചുവിട്ടിട്ടുണ്ട്. ഒരാളെ മാർക്കറ്റിംഗ് മാനേജർ തസ്തികയിൽ പുതുതായി നിയമിച്ചിട്ടുണ്ട്.

(ഇ&എഫ്) ഈ സ്ഥാപനത്തിൽ സ്പെഷ്യൽ റൂൾസ് നിലവിലില്ലാതിരുന്നതിനാൽ പി.എസ്.സി. വഴി ആരെയും നിയമിക്കുകയോ സ്ഥിരപ്പെടുത്തുകയോ ചെയ്തിട്ടില്ല.

(ജി) 3-12-2010-ൽ ഈ സ്ഥാപനത്തിൽ 24 സ്ഥിരം ജീവനക്കാരും 87 ദിവസക്കൂലി ജീവനക്കാരും 38 കരാർ ജീവനക്കാരുമാണുള്ളത്.

എം.പി.ഐ.യുടെ പോത്തിറച്ചി സംസ്കരണഫാക്ടറി

149(1406) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചാലക്കുടി മണ്ഡലത്തിലെ പരിയാരം ഗ്രാമപഞ്ചായത്തിലെ കാഞ്ഞിരപ്പള്ളിയിൽ എം.പി.ഐ.യുടെ അധീനതയിൽ എത്ര ഏക്കർ സ്ഥലം ഉണ്ടെന്ന് വ്യക്തമാക്കുമോ :

(ബി) പ്രസ്തുതസ്ഥലത്ത് എം.പി.ഐ.യുടെ പോത്തിറച്ചി സംസ്കരണഫാക്ടറി ആരംഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ ;

(സി) നടപടിക്രമങ്ങൾ പൂർത്തീകരിച്ച് പ്രസ്തുതപദ്ധതി എപ്പോൾ ആരംഭിക്കുവാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ചാലക്കുടി മണ്ഡലത്തിലെ പരിയാരം ഗ്രാമപഞ്ചായത്തിലെ കാഞ്ഞിരപ്പള്ളിയിൽ എം.പി.ഐ.യുടെ അധീനതയിൽ 16.055 ഏക്കർ (6.5 ഹെക്ടർ) സ്ഥലം ഉണ്ട്.

(ബി) പരിയാരം ഗ്രാമപഞ്ചായത്തിലെ കാഞ്ഞിരപ്പള്ളിയിലെ നിർദ്ദിഷ്ട പോത്തിറച്ചി സംസ്കരണ ഫാക്ടറി ചെന്നൈയിലെ സ്വകാര്യ സ്ഥാപനമായ വെർജിൻ ഫുഡ് സർവീസസ് എന്ന സ്ഥാപനവുമായി ചേർന്ന് സർക്കാർ സ്വകാര്യ പൊതു സംരംഭമെന്ന നിലയിൽ സ്ഥാപിക്കുന്നതിനാണ് ഉദ്ദേശിച്ചിട്ടുള്ളത്. ഇതിനായി ചെന്നൈയിലെ സ്വകാര്യ സ്ഥാപനമായ വെർജിൻ ഫുഡ് സർവ്വീസസ് എന്ന കമ്പനിയുമായി സർക്കാർ തലത്തിൽ ചർച്ച നടത്തുകയും കരട് ധാരണാപത്രം അംഗീകരിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുകയും ചെയ്യുന്നു.

(ബി) സർക്കാർ അനുമതി ലഭിച്ച് ഒരു വർഷത്തിനകം ഉൽപ്പാദനം പൂർണ്ണമായി തുടങ്ങുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. ഭരണാനുമതി ഈ ആഴ്ച നൽകാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly